കേരള സർക്കാർ

നം. 25168/ആർസി3/08/തസ്വഭവ

തദ്ദേശസ്വയംഭരണ(ആർസി)വകുപ്പ്
തിരുവനന്തപുരം,തീയതി: 16.04.2008

പ്രേക്ഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ, (പേരുവച്ച കവറിൽ)
തിരുവനന്തപുരം

സർ,

വിഷയം: 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ സംബന്ധിച്ച്

സൂചന: താങ്കളുടെ 2.04.2008 ലെ ബി1-38163/05 നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തുപ്രകാരം താങ്കൾ ആവശ്യപ്പെട്ട സ്പഷ്ടീകരണം താഴെപ്പറയുംപ്രകാരമാണ്.

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ 9-ാം ചട്ടപ്രകാരം വിവാഹം നടന്ന തീയതി മുതൽ 45 ദിവസത്തിനകം തദ്ദേശ രജിസ്ട്രാർ മുമ്പാകെ, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി മെമ്മോറാണ്ടം സമർപ്പിക്കേണ്ടതാണ്. ഇത് നേരിട്ടോ തപാൽ മുഖേനയോ ആകാവുന്നതാണ്. എന്നാൽ III-ാം നമ്പർ ഫാറത്തിലുള്ള വിവാഹ (പൊതു) രജിസ്റ്ററിൽ ഭാർത്താവിന്റെയും ഭാര്യയുടെയും ഒപ്പു വെക്കേണ്ട ആവശ്യമുള്ളതിനാൽ അവർ നേരിട്ട് ഹാജരായി നൽകുന്നതാണ് കൂടുതൽ അഭികാമ്യം. എന്നാൽ തപാൽ മുഖേന നിശ്ചിത കാലയളവായ 45 ദിവസത്തിനുള്ളിൽ മെമ്മോറാണ്ടം സമർപ്പിക്കുകയാണെങ്കിൽ അത്

പ്രസ്തുത സമയപരിധിക്കുള്ളിൽ സമർപ്പിച്ചതായി പരിഗണിക്കാവുന്നതാണ്. അത്തരം സംഗതികളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിലേക്കായി ഭാര്യാ-ഭർത്താക്കന്മാർ നേരിട്ട് ഹാജരാകേണ്ടതാണ്.

വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ 11-ാം ചട്ടപ്രകാരം പതിച്ച വിവാഹ സർട്ടിഫിക്കറ്റ് IV-ാം നമ്പർ ഫാറത്തിൽ നൽകേണ്ടതാണ്. എന്നാൽ 14-ാം ചട്ടപ്രകാരം ഏതൊരാളും സമർപ്പിക്കുന്ന അപേക്ഷയിൽ III-ാം നമ്പർ ഫാറത്തിലുള്ള വിവാഹ (പൊതു) രജിസ്റ്ററിന്റെ പ്രസക്തഭാഗങ്ങൾ IV-ാം നമ്പർ ഫാറത്തിൽ നൽകാവുന്നതാണ്.

IV-ാം നമ്പർ ഫാറം പ്രധാനമായും 11-ാം ചട്ടപ്രകാരമുള്ള ഫോട്ടോ പതിച്ച വിവാഹ സാക്ഷ്യപത്രം നൽകുന്ന ആവശ്യത്തിലേയ്ക്കാണ്. ആയതിനാൽ 14-ാം വകുപ്പ് എന്നു കൂടി ചേർക്കേണ്ട ആവശ്യമില്ല. മാത്രമല്ല, വകുപ്പ് ചേർക്കാത്തതുകൊണ്ട് സാക്ഷ്യപത്രത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്നുമില്ല.

വിശ്വസ്തതയോടെ

വി.ശോഭ
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി

**കീഴെഴുത്ത് നമ്പർ ബി1-38163/05** **തീയതി: 3.06.2008**

പകർപ്പ് എല്ലാ വിവാഹ (പൊതു) രജിസ്ട്രാർ ജനറൽമാർക്കും അയയ്ക്കുന്നു. സർക്കാർ കത്തിലെ ഉള്ളടക്കം എല്ലാ വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർമാരുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

പകർപ്പ്: കരുതൽ ഫയൽ

(ഒപ്പ്)
വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ
ജനറലിനു വേണ്ടി